**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - " സ: പി. തങ്കയ്യയുടെ സമ്പൂർണ്ണ കൃതികൾ" എന്ന ഗ്രന്ഥം പഞ്ചായത്ത് ലൈബ്രറിയിൽ വാങ്ങി സൂക്ഷിക്കുന്നതിന് അനുമതി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്**

സ.ഉ.(സാധാ)നം. **1844/2019/തസ്വഭവ.** തീയതി, തിരുവനന്തപുരം, **26/08/2019.**

---

പരാമർശം:- 1. വി. തങ്കയ്യ സ്മാരക സമിതി സെക്രട്ടറിയുടെയും പ്രസിഡന്റിന്റെയും 29.11.2018 ലെ കത്ത്

2. പഞ്ചായത്ത് ഡയറക്ടറുടെ 29/05/2019 ലെ PAN/5711/2019-G1(DP) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

നാടിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടിയും ജാതി വ്യവസ്ഥയ്ക്കെതിരെയും തെക്കൻ തിരുവിതാംകൂറിൽ നടന്നിട്ടുള്ള അവിസ്മരണീയമായ പോരാട്ടങ്ങളുടെ നേർ സാക്ഷ്യമായ "സ: പി. തങ്കയ്യയുടെ സമ്പൂർണ്ണ കൃതികൾ" എന്ന ഗ്രന്ഥം പഞ്ചായത്ത് ലൈബ്രറികളിൽ വാങ്ങി സൂക്ഷിക്കുന്നതിന് അനുമതി നല്കണമെന്നാവശ്യപ്പെട്ട് തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല കേന്ദ്രമാക്കി പ്രവർത്തിക്കുന്ന വി. തങ്കയ്യ സ്മാരക സമിതി പരാമർശം (1) പ്രകാരം സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കുകയും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണ സമിതി തീരുമാനത്തിന് വിധേയമായി പഞ്ചായത്ത് ലൈബ്രറികളിൽ ഗ്രന്ഥം വാങ്ങി സൂക്ഷിക്കുന്നതിന് അനുമതി നല്കാവുന്നതാണെന്നുള്ള പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ "സ: പി. തങ്കയ്യയുടെ സമ്പൂർണ്ണ കൃതികൾ" പഞ്ചായത്ത് ലൈബ്രറിയിൽ വാങ്ങി സൂക്ഷിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ.ബി**

**ഗവ. ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ (പഞ്ചായത്ത് ഡയറക്ടർ മുഖേന)
പ്രസിഡന്റ് /സെക്രട്ടറി, വി. തങ്കയ്യ സ്മാരക സമിതി
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ ) തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
ഡയറക്ടർ, ഐ. കെ. എം. (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനു)
കരുതൽ ഫയൽ / ഓഫീസിൽ പകർപ്പ്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ